**മധുരമായ കുട്ടികളെ - ജ്ഞാനത്തിന്റെ ശീതള കണങ്ങൾ തളിച്ച് നിങ്ങൾക്ക് ഓരോരുത്തരെയും ശീതളമാക്കണം, നിങ്ങളാണ് ജ്ഞാനമഴ പെയ്യിക്കുന്ന ശീതളാ ദേവികൾ**

**ചോദ്യം:-** ബാബ നിങ്ങൾക്ക് ജ്ഞാനത്തിന്റെ കലശം നൽകിയിരിക്കുന്നത് എന്തിനാണ്?
**ഉത്തരം:-** ജ്ഞാന കലശം ലഭിച്ചിരിക്കുന്നത് ആദ്യം സ്വയത്തെ ശീതളമാക്കി പിന്നീട് മറ്റുള്ളവരെയും ശീതളമാക്കുന്നതിന് വേണ്ടിയാണ്. ഈ സമയം ഓരോരുത്തരും കാമാഗ്നിയിൽ കത്തിക്കൊണ്ടിരിക്കുകയാണ്. അവരെ കാമ ചിതയിൽ നിന്ന് ഇറക്കി ജ്ഞാന ചിതയിൽ ഇരുത്തണം. എപ്പോൾ ആത്മാവ് പവിത്രവും ശീതളവുമാകുന്നോ അപ്പോഴേ ദേവതയാകാൻ സാധിക്കൂ, അതുകൊണ്ട് നിങ്ങൾക്ക് ഓരോ ആത്മാവിനും ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ നൽകി പവിത്രമാക്കണം. ഇതാണ് നിങ്ങളുടെ ആത്മീയ സേവനം.

**ഗീതം:-** ആരാണ് പിതാവിനോടൊപ്പമുള്ളത്. . . . .

**ഓം ശാന്തി**. ആരാണോ അച്ഛനോടൊപ്പമുള്ളത് അവർക്ക് വേണ്ടിയാണ് മഴ. അച്ഛനും മഴയും. അപ്പോൾ അച്ഛന്റെ മഴ, അതെങ്ങനെ? അദ്ഭുതപ്പെടില്ലേ. ലോകത്തിന് ഈ കാര്യങ്ങൽ അറിയില്ല. ഇതാണ് ജ്ഞാന മഴ. നിങ്ങളെ ശീതളാദേവിമാരാക്കുന്നതിന് വേണ്ടി ജ്ഞാന ചിതയിൽ ഇരുത്തുന്നു. ശീതളം എന്ന വാക്കിന് വിപരീതമാണ് താപം. നിങ്ങളുടെ പേര് തന്നെ ശീതളാദേവി എന്നാണ്. ഒരാൾ മാത്രമായിരിക്കില്ലല്ലോ. തീർച്ചയായും ധാരാളം പേരുണ്ടായിരിക്കും, അവരിലൂടെയാണ് ഭാരതം ശീതളമാകുന്നത്. ഈ സമയം എല്ലാവരും കാമ ചിതയിൽ കത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നിങ്ങളുടെ പേര് ശീതള ദേവികളെന്നാണ്, ശീതളമാക്കുന്നവരാണ്. ശീതളമായ ജലം തളിക്കുന്ന ദേവികൾ. ജലം തുള്ളികളായി തളിക്കാറില്ലേ. ഇതാണ് ജ്ഞാനത്തിന്റെ തുള്ളികൾ അത് ആത്മാവിൽ തളിക്കുന്നു. ആത്മാവ് പാവനമാകുന്നതിലൂടെ ശീതളമാകുന്നു. ഈ സമയം മുഴുവൻ ലോകവും കാമ ചിതയിലിരുന്ന് കറുത്തു പോയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് കലശം ലഭിക്കുന്നു. കലശത്തിലൂടെ സ്വയം നിങ്ങളും ശീതളമാകുന്നു മറ്റുള്ളവരെയും ആക്കുന്നു. ഇദ്ദേഹവും ശീതളമായില്ലേ. രണ്ട് പേരും ഒരുമിച്ചല്ലേ ഇരിക്കുന്നത്. വീടും കുടുംബവും ഉപേക്ഷിക്കുന്നതിന്റെ കാര്യമില്ല. എന്നാൽ ഗോശാല ഉണ്ടായെങ്കിൽ തീർച്ചയായും ആരെങ്കിലുമെല്ലാം വീടുപേക്ഷിച്ചിട്ടുണ്ടായിരിക്കും. എന്തിനുവേണ്ടി? ജ്ഞാന ചിതയിലിരുന്ന് ശീതളമാകുന്നതിന് വേണ്ടി. എപ്പോൾ ഇവിടെ നിങ്ങൾ ശീതളമാകുന്നോ അപ്പോഴേ നിങ്ങൾക്ക് ദേവതയാകാൻ സാധിക്കൂ. ബാബ മനസ്സിലാക്കി തന്നിട്ടുമുണ്ട് ഏതുവരെ നിങ്ങൾ ആസ്തികരാകുന്നില്ലയോ നാസ്തികർ തന്നെയാണ്. ആസ്തിക ലോകത്തിലുള്ളവർ ഒരിക്കലും പരസ്പരം ലഹളയോ-വഴക്കോ നടത്തില്ല. നാസ്തിക ലോകരാണ് വഴക്കും-ലഹളയും ഉണ്ടാക്കുന്നത്. നാസ്തികരെന്ന് ആരെയാണ് പറയുന്നത്? ആരാണോ തന്റെ പാരലൗകിക പരമപ്രിയനായ പരംപിതാ പരമാത്മാവായ എന്നെ അറിയാത്തത്. മുഴുവൻ ലോകത്തിലും വീടു-വീടുകളിൽ പ്രശ്നങ്ങളാണ് എന്തുകൊണ്ടെന്നാൽ പരംപിതാ പരമാത്മാവിനെ മറന്നത് കാരണം നാസ്തികരായിരിക്കുന്നു. പരിധിയില്ലാത്ത ബാബയെയും ബാബയുടെ രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെയും അറിയുന്നില്ല. നിങ്ങൾ എന്തുകൊണ്ടാണ് നാസ്തികരായിരിക്കുന്നത്? പരിധിയില്ലാത്ത ബാബ മനസ്സിലാക്കി തരുന്നു. പരിധിയില്ലാത്ത പിതാവിനെയാണ് *ഗോഡ് ഫാദറെന്ന്* പറയുന്നത്, ഇങ്ങനെയുള്ള പിതാവിനെ എന്തുകൊണ്ടാണ് മറക്കുന്നത്? പിതാവിന്റെ കർത്തവ്യം അറിയണം. ബാബ ബീജരൂപനാണ്, സത്-ചിത്ത്-ആനന്ദം, ജ്ഞാനത്തിന്റെ സാഗരൻ, ശാന്തിയുടെ സാഗരൻ... എല്ലാ വിശേഷതകളും ബാബയിലുണ്ട്. ബാബയുടെ വിശേഷത വ്യത്യസ്തമാണ്. ബാബയെക്കുറിച്ച് മാത്രമാണ് പറയുന്നത് അങ്ങ് മാതാ പിതാവാണ് ഞങ്ങൾ അങ്ങയുടെ കുട്ടികളാണ്... അപ്പോൾ തീർച്ചയായും ബാബ മാതാ-പിതാവായിരിക്കില്ലേ. ഏതുവരെ അള്ളാഹുവിനെ അറിയുന്നില്ലയോ അതുവരെ നല്ലവരാകാൻ സാധിക്കില്ല. സത്യയുഗത്തിൽ ഭാരതത്തിൽ ഭഗവാൻ-ഭഗവതിയുടെ രാജ്യമായിരുന്നു എന്നറിയാം. ലക്ഷ്മീ-നാരായണനെ ഭഗവാൻ ഭഗവതി എന്നായിരുന്നു പറഞ്ഞിരുന്നത് ആര് ദേവീ-ദേവതാ ധർമ്മത്തിലുള്ളവരായിരിക്കുമോ അവർ തീർത്തും മനസ്സിലാക്കുന്നുണ്ട് ലക്ഷ്മീ-നാരായണനായിരുന്നു ഈ ഭാരതത്തിന്റെ ഏറ്റവും ആദ്യത്തെ അധികാരികൾ. അയ്യായിരം വർഷത്തിന്റെ കാര്യമാണ്. നോക്കൂ, ബാബയാകുന്ന *ടീച്ചർ* എപ്പോൾ മനസ്സിലാക്കി തരുന്നോ അപ്പോൾ ചുറ്റുപാടും നോക്കുന്നുണ്ട് അതായത് കുട്ടികൾ നല്ല രീതിയിൽ കേട്ട് ധാരണ ചെയ്യുന്നുണ്ടോ അതോ ബുദ്ധിയോഗം മറ്റെവിടെയെങ്കിലും അലയുന്നുണ്ടാ? ഏതുപോലെയാണോ ഭക്തി മാർഗ്ഗത്തിൽ കൃഷ്ണന്റെ മൂർത്തിക്ക് മുന്നിൽ ഇരിക്കുന്നുണ്ടായിരിക്കും എന്നാൽ ബുദ്ധി ജോലി മുതലായ കാര്യങ്ങളിൽ അലഞ്ഞുകൊണ്ടേയിരിക്കും.

ആ രൂപത്തിൽ പോലും ഏകാഗ്രമായിരിക്കില്ല. ഇവിടെയും പൂർണ്ണമായ തിരിച്ചറിവില്ലെങ്കിൽ പിന്നീട് ധാരണയും ഉണ്ടാകില്ല. ശിവബാബ ഈ മായയെ വശത്താക്കുന്നതിനുള്ള വശീകരണ മന്ത്രം നൽകുകയാണ്. പറയുന്നു നിങ്ങൾ നിങ്ങളുടെ പരംപിതാ പരമാത്മാവായ ശിവനെ ഓർമ്മിക്കൂ. ബുദ്ധിയോഗം ആ ഒന്നിനോടൊപ്പം യോജിപ്പിക്കൂ. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയോഗം പഴയ വീടിന്റെ വശത്തേക്ക് പോകരുത്. ബുദ്ധിയോഗം ബാബയിൽ കുടുങ്ങിയിരിക്കണം എന്തുകൊണ്ടെന്നാൽ നിങ്ങൾ എല്ലാവർക്കും എന്റെടുത്തേക്ക് വരണം. നിങ്ങളെ കൊണ്ടുപോകുന്നതിന് വേണ്ടി ഞാൻ വഴികാട്ടിയായി വന്നിരിക്കുന്നു. ഇത് ശിവ ശക്തി പാണ്ഡവ സൈന്യമാണ്. നിങ്ങളാണ് ശിവനിൽ നിന്ന് ശക്തി എടുക്കുന്നവർ. ആ ബാബ സർവ്വ ശക്തിവാനാണ് എന്നാൽ മനുഷ്യർ കരുതുന്നത് പരമാത്മാവിന് മരിച്ചവർക്ക് പോലും ജീവൻ നൽകാൻ സാധിക്കും എന്നാണ്. എന്നാൽ ബാബ പറയുന്നു- ഓമനകളായ കുട്ടികളേ, ഈ നാടകത്തിൽ ഓരോരുത്തർക്കും അനാദിയായ ഭാഗം ലഭിച്ചിട്ടുണ്ട്. ഞാൻ രചയിതാവും സംവിധായകനും മുഖ്യ അഭിനേതാവുമാണ്. *ഡ്രാമയുടെ പാർട്ടിനെ* എനിക്ക് ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. മനുഷ്യർ മനസ്സിലാക്കുന്നത് - ഓരോ ഇലയും പരമാത്മാവിന്റെ ആജ്ഞയോടെയാണ് ചലിക്കുന്നത്. എന്താ പരമാത്മാവിരുന്ന് ഓരോ ഇലക്കും ആജ്ഞ നൽകുമോ? പരമാത്മാവ് സ്വയം പറയുന്നു- ഞാനും *ഡ്രാമയുടെ* ബന്ധനത്തിൽ ബന്ധിതനാണ്. എന്റെ ആജ്ഞയിലൂടെയാണ് ഇല ചലിക്കുക അങ്ങനെയില്ല. സർവ്വവ്യാപിയുടെ ജ്ഞാനം ഭാരതവാസികളെ തീർത്തും ദരിദ്രരാക്കിയിരിക്കുന്നു. ബാബയുടെ ജ്ഞാനത്തിലൂടെ ഭാരതം വീണ്ടും കിരീടധാരിയാകുന്നു.

നിങ്ങൾക്കറിയാം ദിൽവാഡാ ക്ഷേത്രവും ശരിയായാണ് ഉണ്ടാക്കിയിട്ടുള്ളത്. മുഴുവൻ സൃഷ്ടിയുടെയും ഹൃദയം കവരുന്നത് ആദി ദേവനായ ഹൃദയേശ്വരനാണ്. ഭക്തരുടെ ഹൃദയം കവരുന്നത് ഒരു ഭഗവാനാണ് എന്നല്ലേ പറയുക. ഇത് അവരുടെ തന്നെ ഓർമ്മ ചിഹ്നങ്ങളാണ്. മുകളിൽ ദേവതകളുടെ ചിത്രവും താഴെ രാജയോഗ തപസ്യയും ചെയ്തുകൊണ്ടിരിക്കുന്നു. 108 കുട്ടികൾ ആസനസ്ഥരായി ശിവബാബയുടെ ഓർമ്മയിൽ ഇരിക്കുന്നു. അവർ തന്നെയാണ് ഭാരതത്തെ സ്വർഗ്ഗമാക്കിയത്. ഗാന്ധിജിയും പുതിയ ലോകം രാമരാജ്യം വേണമെന്ന് പറഞ്ഞിരുന്നു, എന്നാൽ ആ രാമരാജ്യം പുതിയ ലോകത്തിലുള്ളത് പവിത്രതയാണ്. അതുണ്ടാക്കാൻ സാധിക്കില്ല. പതിത സൃഷ്ടിയെ പാവനമാക്കുക, ഇത് ബാബയുടെ മാത്രം കർത്തവ്യമാണ്. ഒരു മനുഷ്യനും ഈ കർത്തവ്യം ചെയ്യാൻ സാധിക്കില്ല. ഇദ്ദേഹത്തെക്കുറിച്ചും പറയുന്നത് വളരെ ജന്മങ്ങളുടെ അന്തിമ ജന്മത്തിന്റെയും അന്തിമത്തിൽ ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു എന്നാണ് അപ്പോൾ പതിതൻ തന്നെയല്ലേ. ആരാണോ പാവനമായിരുന്നത് അവർ തന്നെയാണ് പതിതമായിരിക്കുന്നത്, വീണ്ടും പാവനമാക്കുന്നു. അങ്ങ് തന്നെ പൂജ്യൻ അങ്ങ് തന്നെ പൂജാരി. അവർ പൂജാരിയും ഭക്തരുമായിരിക്കുന്നു, ഭഗവാനെ ഭക്തർക്ക് തന്നെയാണ് ലഭിക്കുന്നത്. ബാക്കി മുക്തിക്ക് വേണ്ടി പുരുഷാർത്ഥം ചെയ്യുന്നവർ, *പാർട്ട്* അഭിനിയിക്കുന്നതിൽ നിന്ന് തന്നെ മുക്തമാകണം, എന്നാൽ മോക്ഷം ആർക്കും തന്നെ ലഭിക്കുന്നില്ല. ഭഗവാൻ പറയുന്നു - എനിക്കുപോലും മോക്ഷം ലഭിക്കുന്നില്ല. എനിക്കും സേവനത്തിനായി വരേണ്ടതായുണ്ട്. ഭക്തരെ സന്തുഷ്ടരാക്കേണ്ടതായുണ്ട്, ഈ ഭാരതത്തെ സർവ്വ സമ്പന്നമാക്കുന്നതിന്, നഷ്ടപ്പെട്ട സ്വരാജ്യം വീണ്ടും നൽകുന്നതിന്, സ്വയം പര്യാപ്തമാക്കുന്നതിന് എനിക്കും പതിത ശരീരത്തിൽ പതിത ലോകത്തിൽ വരേണ്ടതായുണ്ട്. അനേക പ്രാവശ്യം വന്നിട്ടുണ്ട് ഇനിയും വന്നുകൊണ്ടിരിക്കും. ഭാരതത്തെ പുഷ്പ സമാനമാക്കി മാറ്റും. ഇത് തന്നെയാണ് ആസുരീയ ലോകം, ഇതിനെ ദൈവീകമാക്കുന്നു. ആരാരെല്ലാം എന്നെ തിരിച്ചറിയുന്നോ അവർ സമ്പത്ത് നേടും. ശിവബാബ കൽപ-കൽപം ഭാരതത്തിന് സമ്പത്ത് നൽകുന്നതിനായി വരുന്നു. ആ ബാബയുടെ ജയന്തി ഇന്ന് ആഘോഷിക്കാറില്ല. കലണ്ടറിൽ നിന്ന് അവധി പോലും എടുത്തുകളഞ്ഞിരിക്കുന്നു. വാസ്തവത്തിൽ ഒരേഒരു ശിവബാബയുടെ ജയന്തിയാണ് ആഘോഷിക്കേണ്ടത് മറ്റെല്ലാവരുടെയും ജയന്തി ആഘോഷിക്കുന്നത് കാലണക്ക് വിലയില്ലാത്തതാണ്. ഒരു പരംപിതാ പരമാത്മാ ശിവന്റെ ജയന്തി ആഘോഷിക്കുന്നതാണ് മൂല്യമുള്ളത്, എന്തുകൊണ്ടെന്നാൽ ആ ബാബ ഭാരതത്തെ സ്വർണ്ണത്തിന്റെ പക്ഷിയാക്കുന്നു. മഹിമ ആ ഒന്നിന്റേതാണ്. മനുഷ്യർ കരുതുന്നത് പതിത-പാവനി ഗംഗയാണ് എന്നാണ് എന്നിട്ടും ഒന്നിലും ഒരിക്കലും തൃപ്തരാകുന്നില്ല. എല്ലാ സ്ഥലങ്ങളിലും അലഞ്ഞുകൊണ്ടിരിക്കുന്നു. നമ്മൾ തീർത്തും പതിതരാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനത്തിന്റെ സാഗരൻ ഒരേഒരു പരംപിതാ പരമാത്മാവാണ് ആ പരമാത്മാവിൽ നിന്നാണ് നിങ്ങൾ ജ്ഞാന ഗംഗകൾ ഉത്ഭവിച്ചിരിക്കുന്നത്. നിങ്ങളുടെ തന്നെ പേരുകളാണ് സരസ്വതി, ഗംഗ, യമുനാ. ഗംഗാ നദിയുടെയും ക്ഷേത്രമുണ്ടാക്കിയിട്ടുണ്ട്. വാസ്തവത്തിൽ ജ്ഞാന ഗംഗകൾ നിങ്ങളാണ്. നിങ്ങൾ ദേവതയല്ല. നിങ്ങൾ ബ്രാഹ്മണരാണ്. ഗംഗ എന്ന പേരിൽ ദേവതയുടെ ചിത്രവും വെച്ചിരിക്കുന്നു. അവർക്ക് അറിയില്ല. ജ്ഞാന ഗംഗകൾ നിങ്ങൾ ശക്തികളാണ്. നിങ്ങൾ ഇപ്പോൾ ഈ രാജയോഗത്തിലൂടെ മനുഷ്യനിൽ നിന്ന് ദേവത ആയിക്കൊണ്ടിരിക്കുന്നു. സത്യമായ യോഗം ഇതാണ്. ബാക്കി എല്ലാവരും അല്പകാലത്തെ

ആരോഗ്യത്തിനുവേണ്ടിയുള്ള അനേക പ്രകാരത്തിലുള്ള യോഗങ്ങളാണ് പഠിപ്പിക്കുന്നത്. ഈ ഒരേഒരു ബാബയോടൊപ്പം യോഗം വെയ്ക്കുന്നതിലൂടെ നമ്മൾ *എവർ ഹെൽത്തിയാകുന്നു*. ഇപ്പോൾ ബാബയിരുന്ന് ഭാരതത്തെ സ്വർഗ്ഗമാക്കുന്നു. ഏതുവരെ സ്വയത്തെ ആത്മാവ്, പരമാത്മാവിന്റെ സന്താനമെന്ന് മനസ്സിലാക്കുന്നില്ലയോ അതുവരെ സമ്പത്ത് ലഭിക്കുകയില്ല, മറ്റെല്ലാവരും തന്നെ സഹോദരങ്ങളാണ്. എന്നാൽ ഭാരതവാസി പറയുന്നു നമ്മളെല്ലാവരും പിതാക്കൻമാരാണ്, ഈശ്വരന്റെ രൂപങ്ങളാണ്. ശിവോഹം, തത്ത്വമസി. ഇപ്പോൾ പിതാക്കൻമാർ എല്ലാവരും തന്നെ ദുഃഖിതരാണ്, അവർക്ക് സുഖത്തിന്റെ സമ്പത്ത് എവിടെ നിന്ന് ലഭിക്കും. എത്ര ഘോരമായ അന്ധകാരമാണ്. ഇതാണ് രാത്രി. ജ്ഞാനമാണ് പകൽ. ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കാനുള്ളതാണ്.

കുട്ടികളേ നിങ്ങളാണ് ആത്മീയ *സോഷ്യൽ വർക്കർ*. അവർ ഭൗതിക സാമൂഹ്യ സേവകരാണ്. നിങ്ങൾ ആത്മാവ് ശുദ്ധമാകുന്നതിന് വേണ്ടി ആത്മാവിന് *ഇഞ്ചക്ഷൻ* നൽകുന്നു. ബാക്കി എല്ലാവരും തന്നെ ഭൗതിക സേവനമാണ് ചെയ്യുന്നത്. എത്ര വ്യത്യാസമാണ്! ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. നിങ്ങൾ ഭഗവാനെ ഓർമ്മിച്ച് ഭഗവാൻ-ഭഗവതിയായിക്കൊണ്ടിരിക്കുന്നു. സ്വയം ഭഗവാൻ പറയുന്നു - ഓമനകളായ കുട്ടികളെ, ഞാൻ നിങ്ങളുടെ സേവകനായി വന്നിരിക്കുന്നു. ഇപ്പോൾ ഞാൻ എന്താണോ പറയുന്നത് അത് അംഗീകരിക്കൂ. അതിനെയാണ് ശ്രീമത് ഭാഗവതം എന്ന് പറയുന്നത്. ഉയർന്നതിലും ഉയർന്നത് ബാബയാണ്. ചിലർ പറയാറുണ്ട് ബ്രഹ്മാവിന്റെ ജയന്തിയാണ് ഉയർന്നത്, എന്നാൽ അല്ല. ബ്രഹ്മാ-വിഷ്ണു-ശങ്കരനെ രചിക്കുന്നത്, അവരിലൂടെ കാര്യങ്ങൾ ചെയ്യിക്കുന്നത് ശിവബാബയല്ലേ. അല്ലെങ്കിൽ സൃഷ്ടി എങ്ങനെ ഉണ്ടാകും? ഏറ്റവും ഉയർന്ന ജയന്തി ത്രിമൂർത്തീ ശിവന്റേത് തന്നെയാണ്. ശിവൻ വരുന്നത് തന്നെ ബ്രഹ്മാ-വിഷ്ണു-ശങ്കരനോടൊപ്പമാണ്. അപ്പോൾ ബാബയുടെ മാത്രം ജയന്തിയാണ് ആഘോഷിക്കാൻ സാധിക്കുന്നത്. ഇന്നത്തെ കാലത്ത് പട്ടിയുടെയും പൂച്ചയുടെയും എല്ലാം ജയന്തി ആഘോഷിച്ചുകൊണ്ടിരിക്കുന്നു. നായ്ക്കളെ പോലും എത്രയാണ് സ്നേഹിക്കുന്നത്! ഇന്നത്തെ ലോകം നോക്കൂ എന്താണ്! പറയും - സത്യയുഗത്തിൽ ഈ സിംഹം മുതലായവയൊന്നും ഉണ്ടായിരിക്കില്ല. നിയമം പറയുന്നില്ല. സത്യയുഗത്തിൽ മനുഷ്യർ പോലും വളരെ കുറച്ചാണ് ഉണ്ടായിരിക്കുക, അതുകൊണ്ട് മൃഗങ്ങൾ മുതലായവയും കുറച്ചായിരിക്കും. രോഗങ്ങളും മുൻപ് ഇത്രയും ഉണ്ടായിരുന്നില്ല. ഇപ്പോൾ എത്രയധികം രോഗങ്ങളാണ് വന്നിരിക്കുന്നത്, അതുപോലെ ഈ മൃഗങ്ങൾ മുതലായവയും പിന്നീടാണ് വൃദ്ധി പ്രാപിക്കുന്നത്. സത്യയുഗത്തിൽ പശുക്കളും വളരെ നല്ലതായിരിക്കും. പറയുന്നു - കൃഷ്ണൻ പശുക്കളെ മേച്ചു. എന്നാൽ സത്യയുഗത്തിൽ ഇങ്ങനെയുള്ള *ഫസ്റ്റ്ക്ലാസ്സ്* പശുക്കളായിരുന്നു എന്ന് പറയുന്നില്ല. ദേവതകൾക്കായി അവിടെ വജ്രങ്ങളുടെയും രത്നങ്ങളുടെയും കൊട്ടാരമായിരിക്കും ഇവിടെയുള്ളത് കല്ലിന്റെയും-മമണ്ണിന്റേതുമാണ്. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ആര് മനസ്സിലാക്കുന്നോ അവർ ഒരിക്കലും *സ്കൂൾ* ഉപേക്ഷിക്കില്ല. ലക്ഷ്യം തിരിച്ചറിയാതെ ആരെങ്കിലും വന്നിരുന്നാലും മനസ്സിലാക്കാൻ സാധിക്കില്ല. എവിടെ സത്സംഗത്തിൽ പോകുകയാണെങ്കിലും ലക്ഷ്യം ഒന്നും തന്നെ ഉണ്ടായിരിക്കില്ല. ഇത് പാഠശാലയാണ്. പാഠശാലയിൽ തീർച്ചയായും ലക്ഷ്യം ഉണ്ടായിരിക്കേണ്ടേ. നിങ്ങൾക്ക് ലക്ഷ്യത്തെ അറിയാം, ആരുടെ ഭാഗ്യത്തിൽ ഇല്ലയോ അവരുടെ ബുദ്ധിയിൽ ജ്ഞാനം ഒരിക്കലും തന്നെ ഊറിവരികയില്ല. ജീവൻമുക്തിയിലേക്കും വരില്ല. അന്തിമത്തിൽ വരുന്നവർക്ക് സ്വർഗ്ഗത്തിലേക്ക് വരാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1) ബുദ്ധിയോഗം സദാ ഒരു ബാബയിൽ ചേർന്നിരിക്കണം. പഴയ വീട്, പഴയ ലോകത്തിലേക്ക് ബുദ്ധി പോകരുത്. ഇങ്ങനെ ഏകാഗ്രചിത്തമായ അവസ്ഥ ഉണ്ടാക്കണം.

2) ബാബയുടെ സർവ്വ ഗുണങ്ങളെയും സ്വയത്തിൽ ധാരണ ചെയ്യണം. ഓരോ ആത്മാവിലും ജ്ഞാനത്തിന്റെ തുള്ളികൾ തളിച്ച് ചൂട് ശമിപ്പിച്ച് ശീതളമാക്കണം.

**വരദാനം:- ഓരോ ആത്മാവുമായും മുറിയാത്ത ആത്മീയ സ്നേഹം വെച്ച് സ്നേഹസമ്പന്ന വ്യവഹാരം ചെയ്യുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ.**

ബാബയോട് മുറിയാത്തതും അഖണ്ഡവും ഉറച്ചതുമായ സ്നേഹമുണ്ട്, ശ്രേഷ്ഠ ഭാവനയുണ്ട്, നിശ്ചയവുമുണ്ട് എന്നത് പോലെ ബ്രാഹ്മണാത്മാക്കളുമായുള്ള ആത്മീയ സ്നേഹം മുറിയാത്തതും അഖണ്ഡവുമായിരിക്കണം. ആരുടേത് എങ്ങനെയുള്ള സംസ്കാരമായാലും പെരുമാറ്റമായാലും ബ്രാഹ്മണാത്മാക്കൾക്ക് കൽപം മുഴുവൻ മുറിയാത്ത സംബന്ധമുണ്ട്, ഈശ്വരീയ പരിവാരമാണ്, ബാബ ഓരോ ആത്മാവിനെയും തിരഞ്ഞെടുത്ത് ഈശ്വരീയ പരിവാരത്തിൽ കൊണ്ടുവന്നു, ഈ സ്മൃതിയുണ്ട് എങ്കിൽ ആത്മീയ സ്നേഹം മുറിയാതിരിക്കുന്നതിലൂടെ സ്നേഹസമ്പന്ന വ്യവഹാരമായിരിക്കും മാത്രമല്ല സഹജമായി സഫലതാമൂർത്തിയായി മാറുകയും ചെയ്യും.

**സ്ലോഗൻ:- അന്തർമുഖി അവരാണ് ആർക്കാണോ ആവശ്യമുള്ളപ്പോൾ ശബ്ദത്തിലേക്ക് വരാനും ആവശ്യമുള്ളപ്പോൾ ശബ്ദത്തിനുപരി പോകാനും കഴിയുന്നത്.**